# റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവററ് ലിമിററഡ്

## ഐരാപുരം

പിറവന്തൂർ റബ്ബർ പാർക്കിലെ 14, 15 & 16 പ്ലോട്ടുകളിൽ നിൽക്കുന്ന 16 മരങ്ങൾവെട്ടി നീക്കം ചെയ്യുന്നതു സംബന്ധിച്ച ക്വട്ടേഷൻ ഫോറം

ക്വട്ടേഷൻ നമ്പർ : **RPP/C/Q/02/25**

ക്രമ നമ്പർ ....................................

അപേക്ഷകൻറെ പേര് ..............................................

RUBBER PARK INDIA (P) LTD. ERNAKULAM 683 556 VALAYANCHIRANGARA


റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവററ് ലിമിററഡ്

വളയൻചിറങ്ങര പോസ്റ്റ്

എറണാകുളം - 683 556.

ഫോൺ : 0484 2657218,2655548

# **ക്വട്ടേഷൻ പരസ്യം**

ക്വട്ടേഷൻ നമ്പർ - RPP/C/Q/02/25

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പിറവന്തൂർ വില്ലേജിൽ റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവററ് ലിമിററഡിന്റെ **അധീനതയിലുള്ള** വിവിധ പ്ലോട്ടുകളിൽ നിൽക്കുന്ന 16 മരങ്ങൾ വെട്ടിനീക്കി കൊണ്ടുപോകുന്നതിന് താൽപര്യമുള്ള കരാറുകാരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻഫാറം 20-08-2025 മുതൽ 29-08-2025 പകൽ 1.00 മണി വരെ www.rubberparkindia.org എന്ന വെബ്സൈറ്റിൽ നിന്നോ റബ്ബർ പാർക്കിന്റെ ഐരാപുരത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, പിറവന്തൂരിലെ ഓഫീസിൽ നിന്നോ ലഭിക്കുന്നതാണ്. മുദ്രവച്ച ക്വട്ടേഷനുകൾ 29-08-2025 പകൽ 3.00 മണിവരെ, മാനേജിങ് ഡയറക്ടർ, റബ്ബർ പാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, 2A, Kautileeyam, Valayanchirangara - 683 556 സ്വീകരിക്കുന്നതും, അന്നേ ദിവസം 3.30 മണിക്ക് ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വട്ടേഷനിൽ, ലഭിക്കുന്ന ഉയർന്ന തുക ആയിരിക്കും കരാർതുക. ക്വട്ടേഷൻ നിബന്ധനകൾ അനുസരിച്ചു മേല്പറഞ്ഞ മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു / എല്ലാ ക്വട്ടേഷനും നിരസിക്കുന്നതിനോ / മാറ്റിവക്കുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം മാനേജിങ് ഡയറക്ടറിൽ / ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾക്ക് റബ്ബർ പാർക്കിന്റെ പിറവന്തൂരിലെയും, ഐരാപുരത്തെയും ഓഫീസുമായി എല്ലാ പ്രവൃത്തി ദിവസങ്ങളിലും ബന്ധപ്പെടാവുന്നതാണ്.

19/8/25

മാനേജിംഗ് ഡയറക്ടർ

RUBBER PARK INDIA (P) LTD. ERNAKULAM 683 556 VALAYANCHIRANGARA

ഐരാപുരം

19-08-2025

കരാറുകാരന്റെ ഒപ്പ്

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പിറവന്തൂർ വില്ലേജിൽ റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവററ് ലിമിററഡിന്റെ അധീനതയിലുള്ള വിവിധ പ്ലോട്ടുകളിൽ നിൽക്കുന്ന 16 മരങ്ങൾ വെട്ടിനീക്കി കൊണ്ടുപോകുന്നതിന് താൽപര്യമുള്ള കരാറുകാരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

## നിബന്ധനകൾ

1. ക്വട്ടേഷൻഫാറം 20-08-2025 മുതൽ 29-08-2025 പകൽ 1.00 മണി വരെ www.rubberparkindia.org എന്ന വെബ്സൈറ്റിൽ നിന്നോ റബ്ബർ പാർക്കിന്റെ ഐരാപുരം / പിറവന്തൂർ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.
2. റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവററ് ലിമിററഡിന്റെ ഡയറക്ടർ ബോർഡിന്റെ അനുമതിയോടുകൂടി ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതും ആയത് കത്ത് മുഖാന്തിരം അറിയിക്കുന്നതുമാണ്.
3. മുദ്ര വച്ച ക്വട്ടേഷനുകൾ 29-08-2025 ഉച്ചക്ക് 3.00 വരെ മാനേജിങ് ഡയറക്ടർ,, റബ്ബർ പാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, 2A , Kautileeyam, Valayanchirangara - 683 556 എന്ന വിലാസത്തിൽ സ്വീകരിക്കുന്നതാണ്. വൈകിയെത്തുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. ലഭിച്ചിരിക്കുന്ന ക്വട്ടേഷനുകൾ 29-08-2025 ഉച്ചക്ക് 3.30 മണിക്ക് ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്നതിനോ, ഉറപ്പിക്കാതിരിക്കുന്നതിനോ ഉള്ള പൂർണമായ അധികാരം റബ്ബർ പാർക്ക് മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
4. ക്വട്ടേഷനിലുള്ള ഉയർന്ന തുകയാണ് കരാർ തുകയായി കണക്കാക്കുക. കരാർ ഉറപ്പിക്കുന്ന തുകക്കു പുറമേ നികുതിയിനത്തിൽ വരുന്ന തുകകളും കരാർ ഉറപ്പിക്കുന്ന വ്യക്തി റബർ പാർക്കിന് നൽകേണ്ടതാണ്. കരാർതുകയുടെ (മരവില) 5% തുക വന വികസന നികുതിയായി ഈടാക്കി വനം വകുപ്പിന്റെ 0406- 01- 101- 96 - 00 FDT എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/01 ആയി അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറെസ്റ്, സോഷ്യൽ ഫോർസ്റ്ററി ഡിവിഷൻ, കൊല്ലം എന്ന പേരിൽ സർക്കാർ ഖജനാവിൽ ഒടുക്കി ചെലാൻ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. മേല്പറഞ്ഞ നികുതി തുകകളെല്ലാം ഒടുക്കി ആയതിനുള്ള തെളിവ് ഹാജരാക്കിയതിന് ശേഷം മാത്രമേ വർക്ക് ഓർഡർ നൽകുകയുള്ളൂ.
5. കരാർ തുകയും, മുഴുവൻ തുകയുടെ 18% GST യും അടക്കം വർക്ക് ഓർഡർ തീയതിയുടെ 10 ദിവസത്തിനകം റബ്ബർപാർക്കിൽ അടച്ചു രസീത് കൈപ്പറ്റേണ്ടതാണ്.

RUBBER PARK INDIA (P) LTD. ERNAKULAM 683 556 VALAYANCHIRANGARA

കരാറുകാരന്റെ ഒപ്പ്

6. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നവർ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡിപോസിറ്റായി വർക്ക് ഓർഡർ തിയതി മുതൽ 10 ദിവസത്തിനുള്ളിൽ റബ്ബർ പാർക്കിന്റെ ഓഫീസിൽ അടച്ച് 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ വെക്കേണ്ടതാണ്. സെക്യൂരിറ്റി തുക കരാർ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം പലിശയില്ലാതെ തിരികെ നൽകുന്നതായിരിക്കും.

7. മേല്പറഞ്ഞ തുകകൾ എല്ലാം ഡിഡി ആയോ. അല്ലെങ്കിൽ RTGS/NEFT ആയോ നൽകേണ്ടതാണ്.

8. വർക്ക് ഓർഡർ തിയതി മുതൽ 15 ദിവസത്തിനുള്ളിൽ, പ്രവൃത്തി ദിവസങ്ങളിൽ, ഓഫീസ് സമയത്തു മരങ്ങൾ വെട്ടി മാറ്റി സ്ഥലം വൃത്തിയാക്കി റബ്ബർ പാർക്കിനു തിരികെ നൽകേണ്ടതാണ്.

9. കരാറുകാരൻ (കോൺട്രാക്ടർ) നിയമിക്കുന്ന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളിൽ റബ്ബർ പാർക്കിന് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തതും. തൊഴിൽ തർക്കങ്ങൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ തീർക്കേണ്ടതുമാണ്.

10. കരാറുകാരന്റെ തൊഴിലാളികൾക്ക് ജോലി സമയത്തുള്ള അപകടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാവുന്ന വർക്ക് മെൻ കോമ്പൻസേഷൻ, പൂർണമായും കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.

11. കരാറുകാരനോ. തൊഴിലാളികളോ റബ്ബർ പാർക്കിന്റെയോ, മറ്റ് കമ്പനികളുടെയോ യാതൊരു വസ്തു വകകൾക്കും മറ്റ് മരങ്ങൾക്കും കേടുപാടുകൾ വരുത്തുവാൻ പാടുള്ളതല്ല. ഏതെങ്കിലും തരത്തിലുള്ള നഷ്ടം വരുത്തുകയാണെങ്കിൽ ആയതിനുള്ള തുക നഷ്ട പരിഹാരമായി കരാറുകാരൻ റബ്ബർ പാർക്കിന് നൽകേണ്ടതാണ്

12. കരാറുകാരന്റെയും. തൊഴിലാളികളുടെയും പെരുമാറ്റ ദൂഷ്യങ്ങൾ (misbehaviour / misconduct) അനുവദിക്കാത്തതും അത്തരക്കാരെ റബ്ബർ പാർക്കിന്റെ നിർദ്ദേശാനുസരണം ജോലിയിൽ നിന്നും മാറ്റേണ്ടതുമാണ്.

13. കരാറുകാരനും തൊഴിലാളികളും റബ്ബർ പാർക്കിനുള്ളിലെ സമാധാനവും ശാന്തതയും നിലനിർത്തേണ്ടതാണ്.

14. റബർ പാർക്കും കരാറുകാരനും തമ്മിലുള്ള ആശയ വിനിമയം എഴുത്തുകളിലൂടെയാവണം.

15. ക്വട്ടേഷനിൽ ,പങ്കെടുക്കുന്ന വ്യക്തികൾ ഓഫീസുമായി ബന്ധപ്പെട്ട് ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിന് മുൻപ് സ്ഥലം സന്ദർശിച്ചു മരങ്ങൾ കണ്ടു അവയുടെ ഇനവും. വണ്ണവും. അളവും ബോധ്യപ്പെടേണ്ടതാണ്. പിന്നീട് ഉള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

RUBBER PARK INDIA (P) LTD. ERNAKULAM 683 556 VALAYANCHIRANGARA

കരാറുകാരന്റെ ഒപ്പ്

16. ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തി എല്ലാ വ്യവസ്ഥകളും അംഗീകരിക്കുന്നതായി രേഖപ്പെടുത്തുന്നതിന് ഇതിനോടൊപ്പമുള്ള എല്ലാ പേജുകളിലും ഒപ്പിടേണ്ടതാണ്.

17. ക്വട്ടേഷൻ സമർപ്പിച്ചതിനുശേഷം ക്വട്ടേഷനിൽ നിന്ന് പിന്മാറുന്നവർക്ക് മേൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതും **മൂന്നു വർഷത്തേക്ക് കരിമ്പട്ടികയിൽ ഉൾപെടുത്തുന്നതുമാണ്.**

18. മേല്പറഞ്ഞ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന പക്ഷം ഈ ക്വട്ടേഷൻ ഏതു സമയത്തും ക്യാൻസൽ ചെയ്യാനും സെക്യൂരിറ്റി ഡിപ്പോസിറ്റ്, ക്വട്ടേഷൻ തുക എന്നിവ കണ്ടുകെട്ടുവാനും, റീ ടെൻഡർ നടത്തുവാനും, റെവന്യൂ റിക്കവറി നിയമ നടപടികൾ എന്നിവ നടത്തുവാനും, മൂന്ന് വർഷത്തേക്ക് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാനും റബ്ബർ പാർക്കിന് അധികാരം ഉണ്ടായിരിക്കും.

19. നിയമപരമായ എല്ലാ നടപടികളും പെരുമ്പാവൂർ കോടതിയുടെ അധികാര പരിധിയിലായിരിക്കും.

20. റബ്ബർ പാർക്ക് പറയുന്ന മരങ്ങൾ മാത്രമേ കരാറുകാരൻ വിലക്കെടുത്തു വിൽക്കുവാൻ പാടുള്ളൂ. ലിസ്റ്റിൽ ഉൾപ്പെടാത്ത മരങ്ങൾ മുറിച്ചു മാറ്റരുത്. ലിസ്റ്റിൽ പറയാത്ത ഏതെങ്കിലും മരം മുറിക്കുകയോ, നശിപ്പിക്കുകയോ ചെയ്താൽ ആയതിനു ശേഷം ഉള്ള നഷ്ടം ഫോറെസ്റ്റ് അധികാരികൾ കണക്കാക്കുന്ന തുക) കരാറുകാരൻ റബ്ബർ പാർക്കിന് നൽകേണ്ടതാണ്.

21. ഈ ജോലി സംബന്ധിച്ച നിയമാനുസൃതമായ എല്ലാ അനുമതികളും കരാറുകാരൻ വാങ്ങേണ്ടതാണ്.

22. വിൽപ്പന ചെയ്തു നീക്കേണ്ട മരങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം.

മാനേജിങ് ഡയറക്ടർ 13/8/25

റബ്ബർ പാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്

കരാറുകാരന്റെ ഒപ്പ്

2 എ. കൗടിലീയം, വളയൻചിറങ്ങര പി.ഓ.

എറണാകുളം – 683 556

RUBBER PARK INDIA (P) LTD. ERNAKULAM 683 556 VALAYANCHIRANGARA

# റബ്ബർ പാർക്ക് ഇന്ത്യ പ്രൈവററ് ലിമിററഡ്

**വളയൻചിറങ്ങര, ഐരാപുരം**

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പിറവന്തൂർ വില്ലേജിൽ റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവററ് ലിമിററഡിന്റെ അധീനതയിലുള്ള വിവിധ പ്ലോട്ടുകളിൽ നിൽക്കുന്ന 16 മരങ്ങൾ വെട്ടി നീക്കം ചെയ്യുന്നത് സംബന്ധിച്ച് ക്വട്ടേഷൻ.

## ക്വട്ടേഷൻ ഫോറം

ക്രമനമ്പർ:

ക്വട്ടേഷൻ നമ്പർ - RPP/C/Q/02/2025

പേര്:

റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവററ് ലിമിററഡിന്റെ അധീനതയിലുള്ള വിവിധ പ്ലോട്ടുകളിൽ നിൽക്കുന്ന (അനുബന്ധത്തിൽ പറഞ്ഞിട്ടുള്ള) 16 മരങ്ങൾ വെട്ടി കൊണ്ടുപോകുന്നതിനുള്ള അവകാശത്തിനായി Rs. ............/- (.............................................. രൂപ) ക്വട്ടേഷൻ നമ്പർ RPP/C/Q/02/2025 നെ സംബന്ധിച്ച എല്ലാവിധ നിബന്ധനകൾക്കും വിധേയമായി നൽകാമെന്ന് സമ്മതിച്ചിരിക്കുന്നു

ഒപ്പ്

പേര്

മേൽവിലാസം

ഫോൺ നമ്പർ :

RUBBER PARK INDIA (P) LTD. ERNAKULAM 683 556 VALAYANCHIRANGARA

# പ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും റബ്ബർപാർക്കിന്റെ നിബന്ധനകൾ പൂർണ്ണമായി വായിച്ചു മനസ്സിലായി അതനുസരിച്ചു അവ പാലിച്ചുകൊള്ളാമെന്നും കോൺട്രാക്ട് ലഭിക്കുകയാണെങ്കിൽ വർക്ക് ഓർഡർ തീയതിയുടെ 10 ദിവസത്തിനുള്ളിൽ കരാർ തുക മുഴുവനും അടച്ചു 15 ദിവസത്തിനകം മേൽ പറഞ്ഞ ജോലി റബ്ബർപാർക്കിന്റെ വസ്തുവകകൾക്കു നാശ നഷ്ടങ്ങൾ സംഭവിക്കാതെ സ്വന്തം ഉത്തരവാദിത്തത്തിൽ പൂർത്തീകരിച്ചുകൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചിരിക്കുന്നു. മേല്പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ നേരിൽ കണ്ട് ബോധ്യപ്പെട്ടതുമാകുന്നു. എന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

കുറിപ്പ് :

1. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ മാത്രം നൽകേണ്ടതാണ്.
2. കവറിന് മുകളിൽ ക്വട്ടേഷൻ നമ്പരും തീയതിയും കരാറുകാരന്റെ പേരും മേൽ വിലാസവും എഴുതിയിരിക്കണം.

കരാറുകാരന്റെ ഒപ്പ്

## ഓഫീസ് ഉപയോഗത്തിന് മാത്രം

ക്വട്ടേഷൻ തുറക്കുന്ന ആളുടെ പേരും ഒപ്പും

സാക്ഷികൾ

1.

2.

RUBBER PARK INDIA (P) LTD. ERNAKULAM 683 556 VALAYANCHIRANGARA

# അനുബന്ധം

| Sl. No. | മരത്തിന്റെ No. | ഇനം | നിൽക്കുന്ന സ്ഥലം |
|---|---|---|---|
| 1 | 1 | ആഞ്ഞിലി | Plot 14 |
| 2 | 2 | അരണമരം | " |
| 3 | 3 | ബദാം | " |
| 4 | 4 | മരുതി | " |
| 5 | 5 | മരുതി | " |
| 6 | 6 | മരുതി | " |
| 7 | 7 (a') | മഹാഗണി | Plot 15 |
| 8 | 7 (b') | മഹാഗണി | " |
| 9 | 7 (c') | മഹാഗണി | " |
| 10 | 8 | മഹാഗണി | " |
| 11 | 9 | മഹാഗണി | " |
| 12 | 10 | മഹാഗണി | " |
| 13 | 11 | മഹാഗണി | " |
| 14 | 12 | മഹാഗണി | " |
| 15 | 13 | മഹാഗണി | " |
| 16 | 14 | ഗുൽമോഹർ | Plot 14 |

RUBBER PARK INDIA (P) LTD. ERNAKULAM 683 556 VALAYANCHIRANGARA